**RASHTRIYA MADHYAMIK SHIKSHA ABHIYAN (RMSA)**
**State Project Office, 7th Floor**
**Trans Towers, Vazhuthacaud**
**Thiruvananthapuram. Kerala**
**Ph: 0471-2331388**
**E_mail: rmsakerala@gmail.com**

पढ़े चलो, बढ़े चलो
RASHTRIYA MADHYAMIK SHIKSHA ABHIYAN

No. A2-862/2013/RMSA

Dated: 08/07/2013

## സർക്കുലർ

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയുടെ ഭാഗമായി 2013-14 വർഷത്തെ വാർഷിക പദ്ധതിയിൽ സംസ്ഥാനത്തെ സർക്കാർ സെക്കന്ററി സ്കൂളുകൾക്കായി സ്കൂൾ ഗ്രാന്റ്, മൈനർ റിപ്പയർ ഗ്രാന്റ് എന്നിവ അനുവദിച്ചിട്ടുണ്ട്. സ്കൂൾ ഗ്രാന്റായി 50,000/- രൂപയും മൈനർ റിപ്പയർ ഗ്രാന്റായി 25,000/- രൂപയുമാണ് ഓരോ സ്കൂളിനും നൽകുന്നത്. താഴെ ചേർത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കുനുസൃതമായി മാത്രമേ ഈ തുക വിനിയോഗിക്കാവൂ.

1. 9, 10 ക്ലാസ്സുകളുടെ പഠന പഠനാനുബന്ധ പ്രവർത്തനങ്ങൾക്കായി മാത്രമേ തുക വിനിയോഗിക്കാവൂ.
2. മൈനർ റിപ്പയർ ഗ്രാന്റായ 25,000/- രൂപ ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.
   - a. ഓടിട്ട സ്കൂൾ കെട്ടിടത്തിന്റെ ഓട്, കഴുക്കോൽ, ഉത്തരം, പട്ടിക എന്നിവ മാറ്റാവുന്നതാണ്.
   - b. പൊട്ടിപ്പൊളിഞ്ഞ തറയിലെയും ഭിത്തികളിലെയും അറ്റകുറ്റപ്പണികൾ
   - c. ജനൽ, വാതിൽ എന്നിവയുടെ റിപ്പയർ വർക്ക്
   - d. പെയിന്റിംഗ് വർക്കുകൾ
   - e. ഫർണിച്ചർ, ബ്ലാക്ക് ബോർഡ് റിപ്പയർ തുടങ്ങിയവ
   - f. ടോയ്‌ലറ്റിന്റെ അറ്റകുറ്റപണികൾ
   - g. ഇലക്ട്രിക്കൽ ഫിറ്റിംഗ്സ്
   - h. സാനിറ്ററി ഫിറ്റിംഗ്സ്
3. സ്കൂൾ ഗ്രാന്റായി അനുവദിച്ചിരിക്കുന്ന 50,000/- രൂപ താഴെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

**a. ലാബ് നവീകരണം (പരമാവധി ചെലവഴിക്കാവുന്ന തുക 15,000/- രൂപ)**

- ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനോ റിപ്പയറിനോ ഉപയോഗിക്കാം
- ലാബിനാവശ്യമായ കെമിക്കലുകളും മറ്റും വാങ്ങുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- ലാബിലേക്കാവശ്യമായ അലമാരകൾ, ഷെൽഫുകൾ എന്നിവ വാങ്ങുന്നതിന് ഉപയോഗിക്കാവുന്നതാണ്.

**b. ലൈബ്രറി വികസനം (പരമാവധി ചെലവഴിക്കാവുന്ന തുക 15,000/- രൂപ)**

- ക്ലാസ്സ് ലൈബ്രറികളുടെ വികസനത്തിന്
- പത്രങ്ങൾ, വിദ്യാഭ്യാസ പ്രധാന്യമുള്ള ആനുകാലിക പ്രസിദ്ധീകരണങ്ങൾ വാങ്ങുന്നതിന്

- ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന് അലമാരകൾ, ഷെൽഫുകൾ എന്നിവ വാങ്ങുന്നതിന്
- പാഠ്യപദ്ധതിക്ക് അനുയോജ്യമായ വിധത്തിലുള്ള റെഫറൻസ് പുസ്തകങ്ങൾ വാങ്ങുന്നതിന്

**c. ക്ലാസ്സ് റൂം പ്രവർത്തനത്തിനാവശ്യമായ പഠനോപകരണങ്ങളുടെ ശേഖരം (പരമാവധി ചെലവഴിക്കാവുന്ന തുക 15,000/- രൂപ)**

- പഠനോപകരണങ്ങൾ വാങ്ങുമ്പോൾ എല്ലാ വിഷയങ്ങൾക്കും തുല്യ പ്രാധാന്യം നൽകേണ്ടതാണ്.
- പഠനോപകരണങ്ങൾ സൂക്ഷിച്ച് വയ്ക്കുന്നതിനുള്ള ഷെൽഫുകളുടെ നിർമ്മാണത്തിനും തുക ചെലവാക്കാവുന്നതാണ്.

**d. ആർ.എം.എസ്.എ നോട്ടീസ് ബോർഡ് നിർമ്മാണം (പരമാവധി ചെലവഴിക്കാവുന്ന തുക 7,000/- രൂപ)**

ആർ.എം.എസ്.എ ഫണ്ട് ഉപയോഗിച്ചു നടത്തുന്ന വികസന പ്രവർത്തനങ്ങൾ ആർ.എം.എസ്.എ നോട്ടീസ് ബോർഡിൽ രേഖപ്പെടുത്തേണ്ടതാണ്. നിലവിൽ ഈ പ്രവർത്തനത്തിനായി നോട്ടീസ് Board ഇല്ലാത്ത സ്കൂളുകൾക്ക് നോട്ടീസ് ബോർഡ് നിർമ്മാണത്തിനായി തുക ചെലവഴിക്കാവുന്നതാണ്.

**e. പഠനാനുബന്ധ പ്രവർത്തനങ്ങൾക്കായി (പരമാവധി ചെലവഴിക്കാവുന്ന തുക 20,000/- രൂപ)**

സ്പോർട്സ്, സംഗീത ഉപകരണങ്ങൾ മുതലായവ വാങ്ങുന്നതിനായി തുക വിനിയോഗിക്കാവുന്നതാണ്.

**f. കുടിവെള്ളം, വൈദ്യുതി, ടെലഫോൺ മുതലായവ (പരമാവധി ചെലവഴിക്കാവുന്ന തുക 5,000/- രൂപ)**

മേൽ സൂചിപ്പിച്ചിരിക്കുന്ന ഇനങ്ങൾക്ക് മറ്റ് ഏജൻസികൾ-തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ, അദ്ധ്യാപക-രക്ഷകർതൃസമിതികൾ തുടങ്ങിയവ തുക വകയിരുത്തിയിട്ടുണ്ടെങ്കിൽ ആർ.എം.എസ്.എ പദ്ധതിയിൽ നിന്നും തുക ചെലവാക്കാൻ പാടുള്ളതല്ല.

ആർ.എം.എസ്.എ പദ്ധതിയിൽക്കൂടി നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും സ്കൂൾ മാനേജ്മെന്റ് ഡെവലപ്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ആയിരിക്കണം. പദ്ധതി പ്രവർത്തനങ്ങളും സാമ്പത്തിക വിനിയോഗവും ശരിയായി നടക്കുന്നു എന്ന് ഉറപ്പാക്കേണ്ടതും സ്കൂൾ മാനേജ്മെന്റ് ഡെവലപ്മെന്റ് കമ്മിറ്റികളായിരിക്കണം. കമ്മിറ്റിയുടെ മിനിറ്റ്സും ചെലവുകളുടെ കണക്കുകളും കൃത്യതയോടെ സൂക്ഷിക്കുകയും ഓഡിറ്റിന് വിധേയമാക്കുകയും ചെയ്യേണ്ടതാണ്.

സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ
രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ